# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.714** **08.03.2012-ൽ** മറുപടി നൽകേണ്ടിയിരുന്നത്

### മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിലെ സീനിയോറിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.മുരളീധരൻ: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പീഡിയാട്രിക് ന്യൂറോളജി വിഭാഗം രൂപീകൃതമായതും, സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതും എന്നാണെന്ന് വ്യക്തമാക്കാമോ ; | (എ) പീഡിയാട്രിക് ന്യൂറോളജി പ്രത്യേക വിഭാഗമായി രൂപീകരിച്ചത് 10/3/2005 ൽ ആണ്. സ്പെഷ്യൽ റൂൾ നിലവിൽ വന്നത് 14/08/08 ലെ ജി.ഒ.(എം.എസ്)461/08/ആകുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ്, തുടർന്ന് 30.05.2009 ലെ ജി.ഒ.(എം.എസ്)135/09/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഈ ഉത്തരവിന് ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനു ശേഷം മറ്റ് വിഭാഗങ്ങളിൽ നിന്നും ലാറ്ററൽ എൻട്രി പ്രകാരം ഡോക്ടർമാരെ ഉൾപ്പെടുത്തിയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; | (ബി) ലാറ്ററൽ എൻട്രി എന്നൊരു നിയമനരീതി സർക്കാർ സർവ്വീസിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ഇപ്രകാരമൊരു നിയമനം ഈ വകുപ്പിൽ നടത്തിയിട്ടില്ല. |
| (സി) ഈ വിഭാഗത്തിൽ പി.എസ്.സി മുഖേന നിയമനം ലഭിച്ചവർക്ക് മുകളിലായി ലാറ്ററൽ എൻട്രി പ്രകാരം നിയമനം നേടിയവർക്ക് സീനിയോറിറ്റി നൽകിയത് ക്രമപ്രകാരമാണോ; | (സി) ബി യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല. |
| (ഡി) ഈ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് സ്പെഷ്യൽ റൂൾസ് അനുസരിച്ച് സ്ഥിര നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ